Draft #2 of File KWA/PHC/TSR/D1/2057/2020 Approved by Superintending Engineer on 26-Jun-2023 02:48 PM - Page 1

# കേരള വാട്ടർ അതോറിറ്റി, പി.എച്ച്.സർക്കിൾ, തൃശ്ശൂർ സൂപ്രണ്ടിങ് എഞ്ചിനീയറുടെ നടപടിക്രമം

**ഹാജർ : ശ്രീമതി. ബിന്ദു ടി. ബി.**

വിഷയം:-തൃശ്ശൂർ ജില്ല - ജല ജീവൻ മിഷൻ - പടിയൂർ ഗ്രാമപഞ്ചായത്തിലേക്ക് ഗാർഹിക കണക്ഷൻ നൽകുന്നതും, അനുബന്ധ പ്രവൃത്തികളും ചെയ്യുന്ന പ്രവൃത്തി - പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നത് - സംബന്ധിച്ച്.

---

നം: KWA/PHC/TSR/D1/2057/2020 തീയതി: 26.06.2023

---

*പരാമർശം:*-1. പ്രവർത്തനാനുമതി നമ്പർ.
കെ.ഡബ്ല്യൂ.എ./പി.എച്ച്.സി./ടി.എസ്സ്.ആർ./ഡി1/2057/2020, തിയ്യതി - 06.11.2020.
2. കരാർ ഉടമ്പടി നമ്പർ. 24/എസ്സ്.ഇ./പി.എച്ച്.സി./ടി.എസ്സ്.ആർ./2020-2021, തിയ്യതി - 16.02.2021.
3. അനുബന്ധ കരാർ നമ്പർ - 1, തിയ്യതി - 11.07.2022.
4. അനുബന്ധ കരാർ നമ്പർ - 2, തിയ്യതി - 11.07.2022.
5. അനുബന്ധ കരാർ നമ്പർ - 3, തിയ്യതി - 23.02.2023.
6. 28.08.2022 തിയ്യതിയിലെ കരാറുകാരന്റെ അപേക്ഷ.
7. 03.03.2023 തിയ്യതിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ഇരിഞ്ഞാലക്കുടയുടെ കത്ത് നമ്പർ. ഡി4-2896/2020.
8. 10.03.2023 തിയ്യതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്.
9. 15.03.2023 തിയ്യതിയിലെ കരാറുകാരന്റെ കത്ത്.
10. 04.04.2023 തിയ്യതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്.
11. 24.04.2023 തിയ്യതിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ഇരിഞ്ഞാലക്കുടയുടെ കത്ത് നമ്പർ. ഡി4-2896/2020.
12. 19.05.2023 തിയ്യതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്.
13. 07.06.2023 തിയ്യതിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ഇരിഞ്ഞാലക്കുടയുടെ കത്ത് നമ്പർ. ഡി4-2896/2020.

മേൽ വിഷയത്തിലെ പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം പ്രവർത്തനാനുമതി നൽകുകയും പരാമർശം (2) പ്രകാരം കരാറുകാരായ M/s. സ്റ്റീവ് & ജോൾസ് പ്രൊജക്ട് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, സി-1/403,404 നാലാം നില, ഹൈലാൻഡ് പാർക്ക്, ശാസ്ത്രി നഗർ, മുളുണ്ട് കോളനി, മുളുണ്ട് (W), മുംബൈ -400082 കരാർ ഉടമ്പടിയിൽ ഏർപ്പെട്ടതുമാണ്. അസ്സൽ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 31.03.2023 ന് ആയിരുന്നു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 15.11.2021, 28.02.2022 & 05.11.2022 എന്നീ തിയ്യതികളിലെ ഉത്തരവുകൾ പ്രകാരം യഥാക്രമം 31.12.2021, 31.03.2022 & 20.06.2022 തിയ്യതികൾ വരെ നീട്ടി നൽകിയിരുന്നു.

ആയതിന്റെ അനുബന്ധ കരാറുകൾ പരാമർശം (3), (4) & (5) പ്രകാരം ഒപ്പ് വച്ചിട്ടുള്ളതാണ്. നീട്ടി നൽകിയ കാലയളവിനുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാൽ വീണ്ടും കരാറുകാരന്റെ അപേക്ഷയും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ഇരിഞ്ഞാലക്കുടയുടെ ശുപാർശയും പരിഗണിച്ച് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പരാമർശം (8) പ്രകാരം ₹5,000/- രൂപ പിഴയോട് കൂടി 31.03.2023 വരെ നീട്ടി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയത് തന്റെ വീഴ്ചയല്ലാത്തതിനാൽ പിഴ ഒഴിവാക്കണമെന്ന് കരാറുകാരൻ പരാമർശം (9) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പരാമർശം (10) & (12) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ഇരിഞ്ഞാലക്കുടക്ക് കത്ത് നൽകിയിരുന്നു. ആയതിന്റെ മറുപടി പരാമർശം (11) & (13) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ഇരിഞ്ഞാലക്കുടയുടെ കത്തുകളിൽ നിന്നും കരാറുകാരന്റെ ഭാഗത്ത് നിന്നും വീഴ്ച്ച സംഭവിച്ചിട്ടില്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ₹5,000/- രൂപ പിഴയോട് കൂടി നീട്ടി നൽകിയ പരാമർശം (8) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് പിഴയില്ലാതെ പൂർത്തീകരണ കാലാവധി 31.03.2023 വരെ നീട്ടിവരെ നീട്ടി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവ് കൈപറ്റി ഏഴ ദിവസത്തിനകം കരാറുകാരൻ ഈ ഓഫീസിൽ എത്തി അനുബന്ധ കരാറിൽ ഏർപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു അറിയിപ്പും കൂടാതെ ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

*Sd/-*

Bindu T.B

സൂപ്രണ്ടിങ്ങ് എഞ്ചിനീയർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, ഇരിഞ്ഞാലക്കുട

പകർപ്പ്

M/s. സ്റ്റീവ് & ജോൾസ് പ്രൊജക്റ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, സി-1/403,404 നാലാം നില, ഹൈലാൻഡ് പാർക്ക്, ശാസ്ത്രി നഗർ, മുളുണ്ട് കോളനി, മുളുണ്ട് (W), മുംബൈ - 400082 അറിവിലേക്കും, അനുബന്ധ കരാറിൽ ഏർപ്പെടുന്നതിനുമായി അയക്കുന്നു.

Draft #2 of File KWA/PHC/TSR/D1/2057/2020 Approved by Superintending Engineer on 26-Jun-2023 02:48 PM - Page 2

The document is digitally approved. Hence signature is not needed.